**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1404** **10-10-2024 - ൽ മറുപടിയ്ക്ക്**

**കോട്ടയം ഏന്തയാർ ജെ.ജെ.എം.എം. ഹയർ സെക്കണ്ടറി സ്കൂളിൽ ഭിന്നശേഷി അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ഏന്തയാർ ജെ.ജെ.എം.എം.ഹയർ സെക്കണ്ടറി സ്കൂളിൽ ഭിന്നശേഷി സംവരണത്തിന്റെ ഭാഗമായി ചിത്രകലാ അദ്ധ്യാപികയായി നിയമനം നല്കിയ വിജി.എൻ.കെ. എന്നയാൾക്ക് ജോലിയിൽ ചേർന്ന് മൂന്ന് മാസം പൂർത്തിയായ ശേഷം നിയമനം നിരസിച്ചുകൊണ്ട് വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഭിന്നശേഷി റൊട്ടേഷൻ ക്രമം പാലിച്ച് ആദ്യ നിയമനം കാഴ്ചപരിമിതർക്ക് നൽകേണ്ടതാണെന്ന് സ.ഉ. (കൈ) നം.111/2022/പൊ.വി.വ. തീയതി 25.06.2022, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നം. എച്ച്2/295299/2021/ഡി.ജി.ഇ. തീയതി 17.06.2023 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ശ്രവണപരിമിതയെ ആണ് മാനേജർ നിയമിച്ചിരിക്കുന്നത്. ഇക്കാരണത്താലാണ് നിയമനം നിരസിച്ച് നൽകിയിരുന്നത്. |
| (ബി) | യോഗ്യരായ കാഴ്ച പരിമിതർ ഇല്ലാത്ത സാഹചര്യത്തിൽ കേൾവി പരിമിതിയുള്ള പ്രസ്തുത ഉദ്യോഗാർത്ഥിയുടെ നിയമനം അംഗീകരിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് അറിയിക്കുമോ ; ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | RPWD ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മുൻഗണനാക്രമത്തിൽ ആളില്ലാത്ത പക്ഷം ചട്ട പ്രകാരം സ്വീകരിക്കേണ്ടതായ നടപടികൾക്ക് ശേഷം മാത്രമേ തൊട്ടടുത്ത മുൻഗണനാ വിഭാഗത്തിനെ പരിഗണിക്കാൻ കഴിയുകയുള്ളൂ. ആയതിലേക്കായി മാനേജർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും രണ്ടു വർഷത്തേക്കുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. കൂടാതെ മുൻഗണനാ വിഭാഗമായ blindness and low vision വിഭാഗത്തിൽപ്പെട്ട യോഗ്യരായ ആരും തന്നെ ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതായുണ്ട്.<br><br>ഇപ്രകാരം നടപടികൾ സ്വീകരിച്ചാൽ മാത്രമേ രണ്ടാമത്തെ വിഭാഗമായ ശ്രവണ പരിമിതിയുള്ള ശ്രീമതി.വിജി.എൻ.കെ-യുടെ നിയമനം പരിഗണിക്കുവാൻ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ